**FY 108**

Class No. : ....................................

Name : ..............................................

# FIRST YEAR HIGHER SECONDARY SECOND TERMINAL EXAMINATION, DECEMBER 2024

## Part – II

## MALAYALAM

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

---

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

Score

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ട് ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. 2 സ്കോർ വീതം.** **(5×2=10)**

1. 'സന്ദർശനം' എന്ന കവിതയിലെ ഭാവത്തിന് സവിശേഷ ഭംഗി നൽകുന്ന രണ്ടു ബിംബകല്പന എടുത്തെഴുതുക.

   - പണ്ടേ പിരിഞ്ഞവർ
   - പൊൻചെമ്പകം പൂത്ത കരൾ
   - കറ പിടിച്ച ചുണ്ട്
   - സ്മരണതൻ ദൂരസാഗരം

Score

2. ''പെണ്ണായാൽ ചോറും കറിം വയ്ക്കണം'' 'ഓർമ്മയുടെ ഞരമ്പിലെ' ഈ വാക്യത്തിൽ തെളിയുന്ന രണ്ട് ആശയം എഴുതുക.

- സ്ത്രീപദവിയെ സംബന്ധിക്കുന്ന പരമ്പരാഗത കാഴ്ചപ്പാട്
- സ്ത്രീയുടെ സാമൂഹികമായ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സൂചന
- കുടുംബചുമതലകളിലുള്ള സ്ത്രീപുരുഷ വിവേചനം
- സ്ത്രീമുന്നേറ്റത്തിന്റെ പ്രകടമായ തെളിവുകൾ

3. ജനപ്രിയ സിനിമക്കെതിരെ ഉന്നയിക്കാറുള്ള പ്രധാന ആക്ഷേപങ്ങൾ ഏവ ?

- കമ്പോളത്തിനുവേണ്ടി നിർമ്മിക്കുന്ന കേവല വിനോദ സിനിമകളാണ്
- കലയുടെ ഉന്നത മൂല്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്
- സമൂഹത്തിന്റെ സമൂലമായ പരിവർത്തനത്തിന് വഴിയൊരുക്കുന്നവയാണ്
- ജീവിത യാഥാർഥ്യങ്ങളിൽ നിന്ന് ഒളിച്ചോടാൻ പ്രേരിപ്പിക്കുന്നവയാണ്

4. നിയോറിയലിസ്റ്റിക് സിനിമകൾക്ക് യോജിച്ച രണ്ടുപ്രസ്താവന.

- വർണ്ണപ്പൊലിമയുള്ള സ്വപ്ന സാമ്രാജ്യങ്ങൾ ചിത്രീകരിച്ചു.
- ജീവിതത്തോടുപ്രകടമായ സത്യസന്ധത പുലർത്തി.
- ഭീമമായ നിർമ്മാണചെലവ്.
- പരിചിതമായ ജീവിത പരിതസ്ഥിതികൾ.

Score

5. 'കൈപ്പാട്' എന്ന ഡോക്യുമെന്ററിയിൽ ചർച്ച ചെയ്യുന്ന രണ്ടു വസ്തുത.

- പ്രകൃതിയും ജീവജാലങ്ങളും തമ്മിലുള്ള പാരസ്പര്യം ചിത്രീകരിക്കുന്നു.
- വ്യവസായവത്കരണം കാർഷികസംസ്കാരത്തെ ഇല്ലാതാക്കിയതിനെ ചിത്രീകരിക്കുന്നു.
- ദേശാടന കിളികളുടെ ജീവിതരീതികളും ഇരതേടലും ചിത്രീകരിക്കുന്നു.
- കൃഷിക്കായി കാട് വെട്ടിത്തെളിക്കുന്നതിനെ ചിത്രീകരിക്കുന്നു.

6. 'ഊഞ്ഞാലിൽ' എന്ന കവിതയിലെ 'ഊഞ്ഞാൽ' എന്തിന്റെയൊക്കെ പ്രതീകമാണ് ?

- നഗര ജീവിതത്തിന്റെ
- ജീവിത ഉല്ലാസത്തിന്റെ
- സുദൃഢമായ ദാമ്പത്യത്തിന്റെ
- ദുരിതകാലത്തിന്റെ

**7 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(3×2=6)**

7. ആൾക്കൂട്ടവും റിച്ചിയും വിരുദ്ധചേരിയിലാണ് 'ബൈസിക്കിൾ തീവ്സ്' എന്ന സിനിമയിൽ പ്രത്യക്ഷപ്പെടുന്നത്. ഒരു സന്ദർഭം കണ്ടെത്തി എഴുതുക.

8. "ഏറിയ ദുഃഖത്തിലും ജീവിതോല്ലാസത്തിന്റെ
വേരുറപ്പിവിടേപ്പോൽ കാണുമോ വേറെങ്ങാനും (ഊഞ്ഞാലിൽ)
ഈ വരികളിൽ പങ്കുവയ്ക്കുന്ന ജീവിതപാഠം വ്യക്തമാക്കുക.

Score

9. "എത്ര ദുർബലയാണു താൻ! എത്ര ഹീനയാണ് ! (ലാത്തിയും വെടിയുണ്ടയും) തങ്കം നായരുടെ ഈ ആത്മഗതം ഏതുതരം മനോഭാവത്തെയാണ് വെളിപ്പെടുത്തുന്നത് ?

10. ചങ്ങാതിമാരുടെ വേദന ഇല്ലാതാക്കാൻ കൃഷ്ണൻ പറഞ്ഞ കാര്യങ്ങളിൽ ഒരെണ്ണം എഴുതുക.

**11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരം എഴുതുക. വിവരണാത്മക ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 4 സ്കോർ വീതം.** (6×4=24)

11. ചേരുംപടി ചേർക്കുക.

| | |
|---|---|
| പൂനിലാവണിഞ്ഞമുറ്റം | പറവപ്പറ്റങ്ങൾ |
| ഗാനനൗകകൾ | മാലിനി നദീതീരം |
| ചന്ദ്രനും നക്ഷത്രങ്ങളും നിറഞ്ഞ ആകാശം | മലകൾ |
| കവിതാ സമാധി | വനജ്യോത്സന മുല്ലവള്ളി |

12. 'ആകാശത്തോളമുയരണമെങ്കിൽ നാം വേരുകളോളം താഴണം' എന്നുപറയുന്നതിലെ ഔചിത്യമെന്താണ് ?

13. 'കായലരികത്ത്' എന്ന ഗാനത്തിന്റെ ചിത്രീകരണത്തിൽ പ്രകടമാകുന്ന സവിശേഷതകൾ എന്തെല്ലാമാണ് ? നിരീക്ഷണ കുറിപ്പ് തയ്യാറാക്കുക.

14. അപഹരിക്കപ്പെട്ട സൈക്കിൾ റിച്ചിയുടെ ജീവിതത്തിന്റെ പ്രതീകമാണോ ? നിങ്ങളുടെ കണ്ടെത്തലുകൾ കുറിക്കുക.

Score

15. പരിസ്ഥിതിയെ സംബന്ധിച്ച ആകുലത കൈപ്പാടിലും കേൾക്കുന്നുണ്ടോയിലും ഒരേ പോലെയാണോ ആവിഷ്കരിച്ചിരിക്കുന്നത് ? ഉദാഹരണസഹിതം വ്യക്തമാക്കുക.

16. അനർഘനിമിഷത്തിലെ ഭാഷ വിടപറയുന്നതിന്റെ വേദനയെ അവതരിപ്പിക്കുന്നതിന് എത്രത്തോളം സമർത്ഥമാണ് ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

17. ചുറ്റിലും നടക്കുന്ന പ്രശ്നങ്ങളെ അവഗണിക്കാൻ തങ്കം നായരെ പ്രേരിപ്പിച്ചതെന്താവാം ? സ്വാഭിപ്രായം കുറിക്കുക.

**18 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 6 സ്കോർ വീതം.** **(3×6=18)**

18. ആസന്നമായ വിനാശത്തെക്കുറിച്ചുള്ള ആധിയാണോ, അതിജീവിനത്തിന്റെ സാധ്യതയാണോ 'മത്സ്യം' എന്ന കവിത മുന്നോട്ടു വയ്ക്കുന്നത് ? ചർച്ച ചെയ്യുക.

19. ജനപ്രീതിക്കായി സിനിമകൾ സ്വീകരിക്കുന്ന തന്ത്രങ്ങളെക്കുറിച്ച് 'സിനിമയും സമൂഹവും' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

20. 'കായലരികത്ത്', 'സന്ദർശനം' എന്നീ രചനകളിലെ പ്രണയസങ്കല്പം എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു ? താരതമ്യം ചെയ്ത് വിശദമാക്കുക.

21. സാമൂഹിക സന്ദർഭങ്ങളാണോ കവിതയിൽ അർഥത്തെ നിർണയിക്കുന്നത് ? കാളിദാസനും വള്ളത്തോളും മേഘത്തെ അവതരിപ്പിച്ചതിനെ ആസ്പദമാക്കി വിശദീകരിക്കുക.

Score

ചുവടെ തന്നിട്ടുള്ള കവിതാഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. 2 സ്കോർ വീതം. (3×2=6)

കത്തും മണൽപ്പുറം വേനലായാൽ
കാക്കയ്ക്കുപോലും തണലെഴാതെ
ഇത്തിരി മാനം കറുത്തുപോയാൽ
കുത്തിയൊലിക്കും ജലപ്രവാഹം
എപ്പൊഴുമാപത്തിനായി മാത്രം
നിൽപ്പിതു പേരാറേ, നീയിക്കാലം
മാരി ചൊരികെ കുളിർത്തുയർന്നോ –
രാരിയൻ നെല്ലിൽ കതിരുകാണും
മാരിനിലയ്ക്കെ വയൽപ്പരപ്പിൻ
നീരു നീ മോന്തും, പതിരുണങ്ങും
കുന്നിൻ തടങ്ങളിൽ കൊമ്പു കുത്തി –
ക്കൂറ്റൻ കരിങ്കാർ കളിച്ചിടുമ്പോൾ
പൊന്നിലും പൊന്നായ മണ്ണടർത്തി –
പ്പോന്നുപ്പലയിൽ കലക്ക യല്ലീ ?

(ഇടശ്ശേരി)

22. ഏതുസമയവും ആപത്തിനുമാത്രം ഇടയാക്കുകയാണ് പേരാറിന്റെ പ്രകൃതമെന്നു പറയാൻ കാരണം എന്ത് ?

23. കുന്നിൻ തടങ്ങളിൽ കൊമ്പുകുത്തി കളിച്ചിടുന്നത് ആരാണ് ?

24. ഉപ്പുപുരണ്ട അലയിൽ (കടൽ) പേരാർ കൊണ്ടുപോയി കലക്കുന്നത് എന്തിനെയാണ് ?

Score

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 8 സ്കോർ വീതം.** **(2×8=16)**

**25.** വൃദ്ധ (ഓർമ്മയുടെ ഞരമ്പ്) യുടെയും ദേവകിമാനമ്പള്ളി (ലാത്തിയും വെടിയുണ്ടയും) യുടെയും ജീവിതാനുഭവങ്ങൾ സ്വാതന്ത്ര്യമെന്ന ആശയവുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു ? വിശദമാക്കുക.

**26.** പ്രകൃതിയുടെ സൗന്ദര്യവും ദാമ്പത്യ ജീവിതത്തിന്റെ സൗന്ദര്യവും കൂടിച്ചേരുന്ന കവിതയാണ് 'ഊഞ്ഞാലിൽ'. പ്രസ്താവനയുടെ പൊരുൾ പരിശോധിക്കുക.

**27.** 'ബൈസിക്കിൾ തീവ്സ്' എന്ന ചലച്ചിത്രത്തിന്റെ സവിശേഷതകളിൽ ചിലത് ചുവടെ തന്നിരിക്കുന്നു. ഇവയെ അടിസ്ഥാനമാക്കി ചലച്ചിത്ര നിരൂപണം തയ്യാറാക്കുക.

- വിശദാംശങ്ങളിൽ പോലും പ്രകടമാവുന്ന ജീവിതാവബോധം
- കൃത്രിമത്വത്തിന്റെ ലാഞ്ഛനകളില്ലാത്ത യഥാർഥ മനുഷ്യരുടെ ചിത്രീകരണം
- യഥാതഥമായ അഭിനയം
- മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പ്രാധാന്യം.

---